# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2502 01.04.2013-ൽ മറുപടിക്ക്**

## കറുകുറ്റി - മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി - മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) പ്രസ്തുത പദ്ധതിയുടെ ജല ശുദ്ധീകരണ ശാലയ്ക്ക് വേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് കൈമാറിയ സ്ഥലത്തിന്റെ വിസ്തൃതിയെ സംബന്ധിച്ച തർക്കം കോടതിയിൽ നിലനിൽക്കുന്നതുകൊണ്ട്, പദ്ധതിയുടെ സ്ലൂവർ ലൈനും ചുറ്റുമതിലും സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ജല ശുദ്ധീകരണശാലയ്ക്ക് സമീപം 300 എം.എം. വ്യാസമുള്ള പമ്പിംഗ് മെയിനും 450 എം.എം. വ്യാസമുള്ള പ്രധാന വിതരണ പൈപ്പുകളും സ്ഥാപിക്കുന്നതിനുവേണ്ട അധിക സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതു കൊണ്ട് ഈ പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. കറുകുറ്റി റെയിൽ വേ ലൈൻ ക്രോസ് ചെയ്ത് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി റെയിൽ വേ അധികാരികളിൽ നിന്നും ലഭ്യമായിട്ടില്ല. റെയിൽ വേയിൽ അടയ്ക്കേണ്ട തുകയും ബന്ധപ്പെട്ട രേഖകളും റെയിൽ വേയിൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സ്ഥല ഉടമകളുമായി പലവട്ടം ചർച്ചകൾ നടത്തി. 23.03.2013 ൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ സ്ഥല ഉടമകളുമായി നടത്തിയ ചർച്ചയിൽ ഈ ആഴ്ചയോടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ചുറ്റുമതിൽ ഒഴിച്ചുള്ള ജോലികൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | തർക്കങ്ങൾ പരിഹരിച്ചാൽ 2 മാസത്തിനുള്ളിൽ ജോലികൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

Y